കേരള കാർഷിക സർവ്വകലാശാല

**കാർഷിക ഗവേഷണ കേന്ദ്രം, തിരുവല്ല**

**<u>വിജ്ഞാപനം</u>**

നം.എ.ആർ.എസ്.III/392/2018 തീയ്യതി: 28.04.2018

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തിരുവല്ല കാർഷിക ഗവേഷണ കേന്ദ്രത്തിൽ താൽക്കാലിക തൊഴിലാളികളെ നിയോഗിക്കുന്നതിനുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിലേക്കായി അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു.

ഒഴിവുകളുടെ എണ്ണം: 10 പുരുഷൻമാർ, 10 സ്ത്രീകൾ

(ഒപ്പ്/-)

**പ്രൊഫസർ ആന്റ് ഹെഡ്**

നിബന്ധനകൾ:

1. അപേക്ഷകർ സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന ബ്ലോക്ക് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിക്കുള്ളിലോ, സ്റ്റേഷനിൽ നിന്നും അഞ്ച് കി.മീ. ദൂരപരിധിക്കുള്ളിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിലോ ബ്ലോക്ക് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിലോ സ്ഥിരതാമസക്കാരായിരിക്കണം.

2. അപേക്ഷകർ 01.01.2018 ന് 18 (പതിനെട്ട്) വയസ്സ് പൂർത്തിയായവരും 36 (മുപ്പത്തി ആറ്) വയസ്സ് കഴിയാത്തവരും ആയിരിക്കണം. പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന 18 നും 41 നും വയസ്സിനുമിടയ്ക്ക് പ്രായമുള്ളവർക്കും മറ്റ് പിന്നോക്ക വിഭാഗത്തിലെ 18 നും 39 നും ഇടയ്ക്ക് പ്രായമുള്ളവർക്കും അപേക്ഷിക്കാവുന്നതാണ്.

3. 4–ാം ക്ളാസ് മുതൽ 10–ാം ക്ളാസ് വരെ വിദ്യാഭ്യാസ യോഗ്യതയുള്ളവർ മാത്രം അപേക്ഷിച്ചാൽ മതിയാവും. ഉയർന്ന യോഗ്യതയുള്ളവരെ പരിഗണിക്കുന്നതല്ല.

4. വയസ്സ്, ജാതി, മതം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കാൻ ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. അപ്രകാരമല്ലാത്ത അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

5. അപേക്ഷകർ നിർദ്ദിഷ്ട സ്ഥലപരിധിക്കുള്ളിൽ സ്ഥിരതാമസക്കാരനാണെന്ന് തെളിയിക്കുന്നതിന് ബന്ധപ്പെട്ട വില്ലേജാഫീസറുടെ സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ്

ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൂടി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

6. അപേക്ഷാ ഫോറം തിരുവല്ല കാർഷിക ഗവേഷണ കേന്ദ്രത്തിൽ നിന്നും 20 രൂപ വിലയ്ക്ക് **02.05.2018 മുതൽ 04.06.2018 വരെ** എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഓഫീസ് പ്രവൃത്തിസമയത്ത് ലഭിക്കുന്നതാണ്. തുക പണമായി സ്റ്റേഷനിൽ ഒടുക്കേണ്ടതാകുന്നു. പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്നവർക്ക് തങ്ങൾ മേൽ വിഭാഗത്തിൽപ്പെടുന്നവരാണ് എന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് അപേക്ഷാഫോറം സൗജന്യമായി ലഭിക്കുന്നതാണ്.

7. കായികക്ഷമതാ പരീക്ഷ, തൊഴിൽ വൈദഗ്ധ്യ പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും തെരഞ്ഞെടുപ്പ്.

8. സർവ്വകലാശാല നിശ്ചയിക്കുന്ന ഇനങ്ങളിലായിരിക്കും അപേക്ഷകരുടെ തൊഴിൽ വൈദഗ്ധ്യം പരിശോധിക്കുന്നത്.

9. സാമുദായിക സംവരണം സംബന്ധിച്ച് പബ്ളിക് സർവ്വീസ് കമ്മീഷന്റേയും ഗവൺമെന്റ് ഉത്തരവുകളുടേയും മാനദണ്ഡങ്ങൾ കാഷ്വൽ തൊഴിലാളി നിയമനത്തിനും ബാധകമായിരിക്കും.

10. നിർദ്ദിഷ്ട ഫോറത്തിലുള്ള പൂരിപ്പിച്ച അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം **പ്രൊഫസർ ആന്റ് ഹെഡ്, കാർഷിക ഗവേഷണ കേന്ദ്രം, കല്ലുങ്കൽ.പി.ഒ., തിരുവല്ല – 689102 എന്ന മേൽവിലാസത്തിൽ 2018 ജൂൺ 4–ാം തീയ്യതി വൈകിട്ട് 5.00 മണിക്ക്** മുൻപായി ലഭിച്ചിരിക്കണം. വൈകി ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

11. വിശദവിവരങ്ങൾ തിരുവല്ല കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ 0469–2604181 എന്ന ടെലിഫോൺ നമ്പരിൽ ഓഫീസ് പ്രവർത്തിസമയങ്ങളിൽ അറിയാവുന്നതാണ്.

12. കാഷ്വൽതൊഴിലാളി തിരഞ്ഞടുപ്പിനോടനുബന്ധിച്ച ഇളവുകൾക്ക്/ആനുകൂല്യങ്ങൾക്ക് അർഹതയുള്ള കരാർ/ദിവസവേതന/സ്വയം സഹായ സംഘം തൊഴിലാളികൾ തങ്ങൾ ദിവസക്കൂലി അടിസ്ഥാനത്തിൽ സർവ്വകലാശാലയുടെ കീഴിൽ കൃഷി അനുബന്ധ ജോലികളിൽ എർപ്പെട്ട് 6 മാസത്തിൽ കുറയാതെ പ്രവർത്തിയെടുത്തു എന്ന് തെളിയിക്കുന്ന സർവ്വകലാശാലയുടെ ബന്ധപ്പെട്ട മേധാവി നല്കുന്ന സാക്ഷ്യപത്രം സമർപ്പിക്കണം. നിർമ്മാണ തൊഴിലാളികൾ, ഓഫീസ് ജോലി ചെയ്തവർ എന്നിവരെ ടി ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നതല്ല.

(ഒപ്പ്/–)
**രജിസ്ട്രാർ**